**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **26-06-2024 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ മേഖലയിൽ നിന്നുള്ള കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ട്രൈബൽ മേഖലയിൽ നിന്നുള്ള എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ അധ്യയന വർഷം സംസ്ഥാനത്തെ പൊതുവിദ്യാല യങ്ങളിൽ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുള്ള എല്ലാ കുട്ടികളുടെയും എണ്ണം ശേഖരിച്ചിട്ടുണ്ട്. എന്നാൽ വിവിധ മേഖലകൾ തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല. സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ 2024-25 അധ്യയന വർഷം 790 കുട്ടികൾ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ട്രൈബൽ മേഖലയിൽ നിന്നുള്ള എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും വിവിധ ട്രൈബൽ സ്കൂളുകളിൽ എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര കുട്ടികൾ അധ്യയന വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുള്ള എല്ലാ കുട്ടികളുടെയും എണ്ണം ശേഖരിച്ചിട്ടുണ്ട്. എന്നാൽ വിവിധ മേഖലകൾ തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ 2023-24 അധ്യയന വർഷം 859 കുട്ടികൾ ഒന്നാം ക്ലാസിൽ അഡ്മിഷൻ എടുത്തിട്ടുണ്ട്. ഇതിൽ 854 കുട്ടികൾ അധ്യയന വർഷം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും ട്രൈബൽ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ അധ്യയന വർഷം പൂർത്തീകരിക്കാതെ പഠനം അവസാനിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | 2023-24 അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും ട്രൈബൽ വിഭാഗത്തിൽപ്പെട്ട 468 കുട്ടികൾ അധ്യയന വർഷം പൂർത്തീകരിക്കാതെ പഠനം അവസാനി പ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>എസ്.ടി. ഡ്രോപ് ഔട്ട് 2023-24 (പ്രൊവിഷണൽ¶</u>**

| ഗവൺമെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
| --- | --- | --- | --- |
| 318 | 149 | 1 | 468 |

സെക്ഷൻ ഓഫീസർ